പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 1349

13.12.2012 ൽ മറുപടിയ്ക്ക്

## നെല്ലിൻെറ വില നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് : | ശ്രീ. അനൂപ്ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സപ്ലൈകോ വഴി സംഭരിച്ച നെല്ലിൻെറ വില പൂർണ്ണമായും നൽകിക്കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ; | എ) 2012–2013 1–ാം സീസണിൽ സപ്ലൈകോ വഴി സംഭരിച്ച നെല്ലിൻെറ വിലയായി 123 കോടി രൂപ ഇതുവരെ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിക്കഴിഞ്ഞു. ആലപ്പുഴ ജില്ലയിൽ 20.10.2012 വരെയും തൃശ്ശൂർ ജില്ലയിൽ 29.11.2012 വരെയും കോട്ടയം ജില്ലയിൽ 6.11.2012 വരെയും പാലക്കാട് ജില്ലയിൽ 31.10.2012 വരെയുളള കുടിശ്ശിക കൊടുത്ത് തീർത്തിട്ടുണ്ട്. |
| ബി) കർഷകർക്കു നൽകുവാനുളള സംഭരിച്ച നെല്ലിൻെറ വിലയുടെ ജില്ല തിരിച്ചുളള കണക്ക് നൽകുമോ; | ബി) കർഷകർക്ക് നൽകുവാനുളള സംഭരിച്ച നെല്ലിൻെറ വിലയുടെ ജില്ല തിരിച്ചുളള കണക്ക് താഴെ കൊടുക്കുന്നു. |

| ജില്ല | | നൽകുവാനുളള തുക |
|---|---|---|
| പാലക്കാട് | - | 22,65,56,331.00 |
| മലപ്പുറം | - | 3,51,628.00 |
| ആലപ്പുഴ | - | 46,58,94,707.00 |
| കോട്ടയം | - | 23,54,94,182.00 |
| എറണാകുളം | - | 12,76,530.00 |
| ഇടുക്കി | - | 2,55,000.00 |

| | |
|---|---|
| വയനാട് - | 1,91,522.00 |
| തിരുവനന്തപുരം - | 1,78,500.00 |
| | -------- |
| | 93,01,98,400.00 |
| | =========== |

| | | | |
|---|---|---|---|
| സി) | സംഭരിക്കുന്ന നെല്ലിൻെറ വില സംഭരിയ്ക്കുമ്പോൾത്തന്നെ നൽകുന്നതിനുളള നടപടി സ്വീകരിക്കുമോ; ഇതിലേയ്ക്കാവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നടപടി സ്വീകരിയ്ക്കുമോ? | സി) | ഈ സീസണിൽ (2012-13 1st) നെല്ലിൻെറ വില നൽകുന്നതിൽ സപ്ലൈകോയ്ക്ക് കാലതാമസ മുണ്ടായിട്ടില്ല. കർഷകരിൽ നിന്നും നെല്ലെടുത്ത് കൈപ്പറ്റ് രസീത് പരിശോധിച്ചതിനു ശേഷം പാഡി പേയ്മെൻറ് ഓഫീസർമാർ അയച്ചു തരുന്ന കത്തിൻെറ അടിസ്ഥാനത്തിലാണ് സപ്ലൈകോ കർഷകർക്ക് പണം ബാങ്കിലൂടെ നൽകിവരുന്നത്. |

Beena K

സെക്ഷൻ ഓഫീസർ.